
1

# അമ്മയോടൊപ്പം




മാതൃഭാവത്തിന്റെ വ്യത്യസ്ത തലങ്ങൾ വരച്ചുകാട്ടുന്ന രചനകളാണ് അമ്മയോടൊപ്പം എന്ന യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബാല്യകാലത്ത് കുട്ടികളുടെ എല്ലാ കുസൃതികളോടും ഒത്തു നിൽക്കുന്ന അമ്മ വളർച്ചയുടെ ഘട്ടങ്ങളിൽ മാർഗ ദർശിയായി മാറുന്നു. കുട്ടിയും അമ്മയും തമ്മിലുള്ള ബന്ധവും കുട്ടിയുടെ സ്വഭാവരൂപീകരണത്തിൽ അമ്മ ചെലുത്തുന്ന സ്വാധീനവും ഇരു രചനകളിലുമായി കണ്ണിചേർന്ന് നിൽക്കുന്നു. ഉദാത്തമായ മാതൃസ്നേഹവും വാത്സല്യവും പങ്കുവയ്ക്കുന്ന സുഗതകുമാരിയുടെ 'കണ്ണന്റെ അമ്മ' എന്ന കവിതയിൽ ബാല്യത്തിന്റെ മയിൽപ്പീലിക്കണ്ണുകളിൽ വിരിയുന്ന കുസൃതികളും അതു പങ്കുവയ്ക്കുന്ന സഹജീവികളുമാണ് നിറഞ്ഞുനിൽക്കുന്നത്. കാട്ടിൽ കാളിന്ദിയോളങ്ങളോട് കളിപറഞ്ഞ് വണ്ടുകളോടും തുമ്പികളോടുമൊപ്പം കളിച്ചു നിൽക്കുന്ന കണ്ണനെയാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. കണ്ണനെ കാണാതെ തിരിച്ചുപോകുന്ന അമ്മയുടെ പരിഭവവും ദൈന്യവും കണ്ണന്റെ കർണ്ണാനന്ദകരമായ ഓടക്കുഴൽ വിളിയിൽ അലിഞ്ഞില്ലാതാവുന്ന മധുരാനുഭവമാണ് തുടർന്ന് വിവിരിക്കുന്നത്.

സ്നേഹത്തിന്റെയും ജീവകാരുണ്യത്തിന്റെയും പ്രതിരൂപമായ മദർ തെരേസയുടെ ബാല്യത്തിലെ ചില അനുഭവങ്ങളാണ് 'പൂമൊട്ട്' എന്ന ആഖ്യാനത്തിലൂടെ വിവരിക്കുന്നത്. മറ്റുള്ളവരെ കുറ്റം പറയുന്ന തന്റെ കുട്ടികളെ വാത്സല്യത്തോടെ നേർവഴിയിലേക്ക് നയിക്കുന്ന അമ്മയുടെ നല്ല വാക്കുകളാണ് ഈ ആഖ്യാനത്തിലെ സന്ദേശം.

## യൂണിറ്റ് വിശകലനം — 1. അമ്മയോടൊപ്പം

| ആശയങ്ങൾ/ ധാരണകൾ | ( പവർത്തനങ്ങൾ | വ്യവഹാരരൂപങ്ങൾ | ഭാഷാവസ്തുതകൾ | പ്രകടിതരൂപങ്ങൾ | മൂല്യനിർണയം |
|---|---|---|---|---|---|
| • ഈണത്തിലും താളത്തിലും ചൊല്ലുമ്പോൾ കവിത ആകർഷകമാകും.<br>• കവിതയിലെ ആശയത്തെ കഥാരൂപത്തിൽ മാറ്റിയെഴുതാം<br>• കണ്ണന്റെ കുസൃതികളുമായി ബന്ധപ്പെട്ട ധാരാളം കഥകളുണ്ട്.<br>• കുട്ടികളുടെ മനസ്സിൽ നന്മകൾ വളർത്തുന്നതിൽ രക്ഷിതാക്കൾക്ക് പങ്കുണ്ട്. | • സംഭാഷണം<br>• ഈണത്തിൽ പാടൽ<br>• ചിത്രത്തിലുള്ളവരെ കണ്ടെത്തൽ<br>• കവിതയിൽനിന്ന് കഥ<br>• ആശയം എഴുത്ത്<br>• മഹദ്വചനങ്ങൾ ശേഖരിക്കൽ.<br>• ഓർമ്മകൾ കുറിപ്പാക്കൽ | • സംഭാഷണം<br>• കഥ<br>• കുറിപ്പ്<br>• വിവരണം<br>• കവിത | • പകരം പദം<br>• വിശേഷണം | • ഒറ്റപ്പദമാക്കാം<br>• കവിതാലാപനം<br>• അഭിനയം | • സംഭാഷണം<br>• കഥ<br>• കുറിപ്പ്<br>• മഹദ്വചനങ്ങൾ, പതിപ്പ്<br>• വിവരണം |

### പഠനനേട്ടങ്ങൾ

- കവിത, കഥ എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു.
- കവിതകൾ വായിച്ചും കേട്ടും ആസ്വദിച്ച് ഈണം, ഭാവം, താളം എന്നിവയോടെ ചൊല്ലുന്നു.
- സ്വന്തം ആശയങ്ങൾ തെറ്റുകൂടാതെ ഉചിതമായ വ്യവഹാര രൂപത്തിൽ എഴുതി അവതരിപ്പിക്കുന്നു.
- ചിഹ്നം തിരിച്ചറിഞ്ഞ് സ്വന്തം ലേഖനപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നു.
- സഹപാഠികളുടെ രചനകൾ വിലയിരുത്തുകയും മറ്റുള്ളവർ ആവിഷ്ക്കരിച്ച ആശയങ്ങൾ, പ്രയോഗങ്ങൾ എന്നിവ വിശകലനം ചെയ്ത് സ്വന്തം രചനകൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

## കണ്ണന്റെ അമ്മ

പ്രശസ്ത കവയിത്രി സുഗതകുമാരിയുടെ കവിതയാണ് 'കണ്ണന്റെ അമ്മ'. കണ്ണനെ കാണാഞ്ഞ് വിഷമിച്ച് കണ്ടവരോടെല്ലാം മകനെ അന്വേഷിക്കുന്നു. മകൻ ചെയ്ത കുസൃതിക്ക് ശിക്ഷകൊടുക്കാൻ വടിയുമായി പുറപ്പെടുന്ന അമ്മ, മകനെ കണ്ടവരാരുമില്ല എന്നറിയുമ്പോൾ വേവലാതിപ്പെടുന്നു. അവസാനം കുഴൽവിളി കേൾക്കുമ്പോൾ കമ്പ് വലിച്ചെറിഞ്ഞ് പുഞ്ചിരി തൂകുന്ന അമ്മ മകനോടുള്ള വാത്സല്യത്തിന്റെ കൊടുമുടി കാട്ടിത്തരുന്നു. സ്നേഹത്തിന്റെ വ്യത്യസ്ത ഭാവങ്ങൾ ആസ്വദിക്കാൻ ഈ കവിതയിലൂടെ കടന്നുപോകുന്ന കുട്ടിക്ക് കഴിയണം. ഒപ്പം കവിത സുന്ദരമാക്കാൻ എഴുത്തുകാരി ഉപയോഗിച്ചിട്ടുള്ള പദങ്ങളും പ്രയോഗങ്ങളും അതിന്റെ അർഥതലങ്ങളും കണ്ടെത്താനും കഴിയണം.

## പാഠാവതരണം

പാഠത്തിന്റെ തുടക്കത്തിലെ ചിത്രം പ്രയോജനപ്പെടുത്തിക്കൊണ്ട് പാഠം അവതരിപ്പിക്കാവുന്നതാണ്. ചിത്രത്തിൽ തള്ളപ്പക്ഷിയും കുഞ്ഞുങ്ങളും, തള്ളമാനും മാൻ കുട്ടിയുമാണുള്ളത്. ഇവിടെ കിളിക്കുഞ്ഞുങ്ങൾ അമ്മയോട് പറയുന്നതെന്താവാം? മാൻകുട്ടി അമ്മയോട് പറയുന്നതോ?

കുട്ടികൾ സ്വന്തമായി എഴുതട്ടെ. തുടർന്ന് അവതരണത്തിന് അവസരം നൽകാം.

കുട്ടികളുടെ അവതരണത്തിനുമുമ്പായി ഇനി പറയുന്ന ചോദ്യങ്ങൾ ഉന്നയിക്കാം.

- അമ്മയെ ഏറെ നേരമായി കാണാതിരിക്കുകയായിരുന്ന കിളിക്കുഞ്ഞുങ്ങൾ അമ്മ മടങ്ങിയെത്തിയ സന്ദർഭത്തിൽ, അമ്മ താമസിക്കാനുള്ള കാരണമന്വേഷിക്കുന്ന രീതിയിൽ എഴുതിയവയുണ്ടോ?
- ഏറെ നേരമായി കുഞ്ഞുമാനിനെ തിരഞ്ഞു നടക്കുകയായിരുന്നു തള്ളമാൻ. അവർ തമ്മിൽ കണ്ടുമുട്ടിയപ്പോൾ കുഞ്ഞുമാൻ അമ്മയോടു പറയാൻ സാധ്യതയുള്ള കാര്യം എഴുതിയവരുണ്ടോ?





കുട്ടികൾ എഴുതിയവയിൽ മൂന്നോ നാലോ എണ്ണം അവതരിപ്പിക്കട്ടെ. മുകളിൽ പറഞ്ഞ രീതിയിൽ എഴുതിയവ ഉണ്ടാകാൻ സാധ്യത കുറവായിരിക്കും. അങ്ങനെയെങ്കിൽ മുകളിൽ പറഞ്ഞ സന്ദർഭങ്ങളിൽ പറയാൻ സാധ്യതയുള്ളത് എഴുതാൻ ഒരിക്കൽക്കൂടി അവസരം നൽകാം.

എഴുതുന്നതിന് വൈവിധ്യമാർന്ന രീതികൾ സ്വീകരിക്കാം കുട്ടികൾക്ക് പേപ്പർ നൽകി അവർ അതിൽ കഥാപാത്രങ്ങളെ ചിത്രീകരിച്ച് ..... എഴുതുന്നതുപോലെ.... കുട്ടികൾ എഴുതിയത് പരസ്പരം കൈമാറട്ടെ. വൈവിധ്യമാർന്നത് അവതരിപ്പിക്കാൻ അവസരം നൽകാം. കുട്ടികളുടെ ചിത്രീകരണങ്ങൾ/രചനകൾ പോർട്ട്ഫോളിയോയിലേക്ക് മാറ്റാം.

### ■ പോർട്ട്ഫോളിയോ

ഓരോ കുട്ടിക്കും ഓരോ ഫയൽ. കുട്ടികളുടെ പഠനത്തെളിവുകൾ ഇതിലേക്ക് മാറ്റാം. പഠനപ്രവർത്തനത്തിന്റെ ഭാഗമായുണ്ടാകുന്ന ഉൽപന്നങ്ങൾ, വർക്ക്ഷീറ്റുകൾ തുടങ്ങി കുട്ടികളുടെ പഠനം സംബന്ധിച്ച സംസാരിക്കുന്ന രേഖയായി ഇത് മാറണം. കുട്ടികളുടെ പഠനത്തിലെ വളർച്ച തിരിച്ചറിയാനും കുട്ടികൾക്ക് സ്വയം വിലയിരുത്താനും ഇത് സഹായകമാകണം.

- കുട്ടികൾക്കും ഇത്തരം അനുഭവങ്ങളുണ്ടാകും. അമ്മ/കൂട്ടുകാർ/സഹോദരങ്ങൾ തിരഞ്ഞു നടന്ന സന്ദർഭം ഓർത്തെടുക്കട്ടെ. ഇതിൽ രസകരമായ ഒരെണ്ണം അവതരിപ്പിക്കാൻ ആവശ്യപ്പെടാം.
- ഒളിച്ചുകളി

ഒളിച്ചുകളിച്ചിട്ടില്ലാത്ത കുട്ടികൾ ഉണ്ടാവില്ല. പലസ്ഥലങ്ങളിൽ പലപേരുകളിലാണ് ഇതറിയപ്പെടുന്നത്. ഒളിച്ചുകളിയിൽ ഏർപ്പെടുമ്പോഴുള്ള രസകരമായ ഒരനുഭവം കുട്ടികൾ പങ്കുവയ്ക്കട്ടെ. ആളിനെ കണ്ടെത്താൻ കഴിയാത്ത സന്ദർഭം, പതുങ്ങിവന്ന് സാറ്റടിച്ച് മിടുക്കുകാട്ടിയത് തുടങ്ങി എന്തുമാകാം.

സാറ്റുകളിയിൽ പങ്കാളികളാകാത്തവർക്ക് അതിനവസരം ഒരുക്കി അനുഭവങ്ങൾ പങ്കുവയ്പ്പിക്കുകയുമാവാം.

### സാറ്റുകളി

*വളരെ പ്രചാരമുള്ള ഒരു നാടൻ കളിയാണിത്. ഒളിച്ചുകളി, പതുങ്ങിക്കളി, സാറ്റുകളി തുടങ്ങി പലപേരുകളിൽ ഇത് അറിയപ്പെടുന്നു. ഒരു കൂട്ടം പേർ ഒരുമിച്ചാണ് ഈ കളിയിൽ പങ്കാളികളാകുന്നത്. ഒരാൾ എണ്ണുന്നു മറ്റുള്ളവർ ഒളിക്കുന്നു. എണ്ണാൻ ആളിനെ തിരഞ്ഞെടുക്കുന്നതിനുമുണ്ട് നിയമം. കളിയിൽ പങ്കാളികളാകുന്നവർ വട്ടത്തിൽ നിന്ന് ഒന്നുമുതൽ നമ്പരെടുക്കുന്നു. ആദ്യം പത്ത് ആകുന്നവരാണ് എണ്ണേണ്ടത്. എണ്ണാൻ ചുമതലപ്പെട്ടവർ ഒരു നിശ്ചിത സ്ഥാനത്തുനിന്ന് (തൂൺ/*

മരം) കണ്ണടച്ച് । ഒന്നു മുതൽ അൻപതോ നൂറോ വരെ എണ്ണുന്നു. ഈ സമയത്തിനുള്ളിൽ മറ്റുള്ളവർ ഒളിക്കണം. നിശ്ചിത സംഖ്യവരെ എണ്ണി സാറ്റ് പറഞ്ഞ് കണ്ണുതുറന്നശേഷം എണ്ണിയ ആൾ ഒളിച്ചിരിക്കുന്നവരെ കണ്ടെത്താൻ ശ്രമിക്കുന്നു. ഈ സമയം പമ്മിയിരിക്കുന്നവരിൽ ആരെ ങ്കിലും എണ്ണിയ ആളിന്റെ കണ്ണിൽപ്പെടാതെ തൂണിൽ തൊട്ട് സാറ്റടി ച്ചാൽ എണ്ണിയ ആൾ വീണ്ടും എണ്ണണം. ഒളിച്ചിരിക്കുന്ന എല്ലാവരെയും എണ്ണിയ ആളിന് കണ്ടെത്താൻ കഴിഞ്ഞാൽ ആദ്യം കണ്ടയാളാണ് പിന്നീട് എണ്ണേണ്ടത്.

## ■ മറ്റൊരു ഒളിച്ചുകളി

പാഠവായനയിലേക്ക് നയിക്കാൻ ഒളിച്ചുകളിയുമായി ബന്ധപ്പെടുത്തി മറ്റൊരു സന്ദർഭം ഒരുക്കാം. കുസൃതി കാട്ടി അമ്മയുടെ കണ്ണുവെട്ടിച്ച് പതുങ്ങിനടക്കുന്ന ഒരു കുഞ്ഞിനെ നമുക്ക് പരിചയപ്പെടാം. ആരായിരിക്കും ഈ കുട്ടി? ആരാണ് അമ്മ? ഒളിച്ചു നടന്ന ആളിനെ കണ്ടെത്താൻ കഴിഞ്ഞോ? പാഠം വായിച്ച് കണ്ടെത്താൻ അവസരം. ‘കണ്ണന്റെ അമ്മ’ എന്ന കവിതാഭാഗം വായനയ്ക്ക് നൽകുന്നു.

## ■ ഈണത്തിൽ പാടാം

കവിതയ്ക്ക് ഈണം കണ്ടെത്തുക എന്നത് ആശയം അറിഞ്ഞ് താളം കണ്ടെത്തി ചെയ്യേണ്ട ഒരു ഉയർന്ന പ്രക്രിയയാണ്. സാധാരണ വായനയ്ക്കപ്പുറം ഒരു താളം കണ്ടെത്തി അവതരിപ്പിക്കുകയാണ് വേണ്ടത്. കുട്ടികൾ ഓരോരുത്തരും സ്വന്തമായി അതിന് ശ്രമിച്ചുനോക്കട്ടെ. അവർ കണ്ടത്തിയ ഈണത്തിൽ ഏതാനും പേർക്ക് അവ തരിപ്പിക്കാൻ അവസരം നൽകാം.

## ■ മറ്റൊരീണം

കവിതയുടെ ആശയവും താളവും ഉൾക്കൊണ്ട് പദങ്ങളുടെ അർഥവ്യാപ്തി ബോധ്യ പ്പെടുംവിധത്തിൽ അവതരിപ്പിക്കാൻ ഈ ഘട്ടത്തിൽ കഴിയണം. അധ്യാപിക/ മികച്ച രീതിയിൽ പാടുന്ന കുട്ടികൾ/ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തൽ എന്നിവയി ലൊന്ന് സ്വീകരിക്കുമല്ലോ?

## ■ കവിതാവതരണരീതി

കവിതയുടെ ആസ്വാദനമാണ് പ്രധാനമായും നടക്കേണ്ടത്. കവിതാസ്വാദനത്തിന്റെ ആദ്യപടി ആശയഗ്രഹണത്തോടെയുള്ള വായന തന്നെയാണ്. നിരവധി പ്രവർത്തന ങ്ങൾ നൽകിയാവണം പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ വായന സമ്പുഷ്ടമാക്കേ ണ്ടത്. അതിന് സഹായകമായ പ്രവർത്തനങ്ങളാണ് പാഠപുസ്തകത്തിൽ നൽകിയി ട്ടുള്ളത്.

കവിതയിലെ പ്രയോഗഭംഗി, പദങ്ങളുടെ യോജിപ്പ് എന്നിവ ആസ്വാദനത്തെ സഹായിക്കുന്ന ഘടകങ്ങളാണ്. ഇവ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ അധ്യാപിക നൽകേണ്ടതുണ്ട്.

സ്വന്തം ഈണത്തിൽ കവിതകൾ പാടാൻ കുട്ടികൾക്ക് അവസരം നൽകിയതിനുശേഷം അധ്യാപികയ്ക്ക് കവിത ചൊല്ലി കേൾപ്പിക്കുകയോ അനുയോജ്യമായ ഈണത്തിൽ ചൊല്ലിയത് പരിചയപ്പെടുത്തുകയോ ആവാം. ഇതിനായി സാങ്കേതിക സാധ്യതകൾ ഉപയോഗിക്കാവുന്നതാണ്. ആശയഗ്രഹണത്തിനാവശ്യമായ ചോദ്യങ്ങൾ ചോദിക്കുകയും ഉത്തരം പറയാനവസരം നൽകുകയും വേണം. തുടർന്ന് പുതിയ ചോദ്യങ്ങൾ നിർമ്മിക്കാൻ കുട്ടികൾക്ക് സാധിക്കണം. ചിത്രങ്ങൾ കാണിച്ചോ, സമാനാശയം വിശദീകരിച്ചോ കവിതകളിലെ വരികൾ കണ്ടെത്താൻ ആവശ്യപ്പെടാവുന്നതാണ്.

ഉദാ:- കണ്ണനെ അന്വേഷിച്ചു നടന്ന അമ്മ മുഷിഞ്ഞു തിരിച്ചുപോകാൻ ശ്രമിക്കുന്നു. എന്ന ആശയം വരുന്ന വരികൾ ഏത്? (ശാന്തമായി പാട്ട് ആസ്വദിക്കുന്ന അമ്മയുടെ ചിത്രം കാണിച്ച് ഈ ആശയം വരുന്ന വരികൾ കണ്ടെത്താൻ ആവശ്യപ്പെടുന്നു). ഇഷ്ടപ്പെട്ട വരികൾ, പ്രയോഗങ്ങൾ എന്നിവ കണ്ടെത്തൽ, പ്രവൃത്തിയെ സൂചിപ്പിക്കുന്ന പദങ്ങൾ ഏതെല്ലാമെന്ന് തിരിച്ചറിയൽ, അഭിനയസാധ്യതയുള്ള സന്ദർഭങ്ങൾ കണ്ടെത്തൽ.

ഉദാഹരണം : കണ്ണും നീട്ടിത്തിരിയുന്നു, മിണ്ടാതെ നിൽക്കുന്നു, കണ്ണും ചുവന്നു നിൽക്കുന്നു, കണ്ണും പൂട്ടി നിൽക്കുന്നു.

അക്ഷരങ്ങൾ ആവർത്തിക്കുന്ന വരികൾ കണ്ടെത്തി ഈണത്തിൽ സംഘമായി ചൊല്ലൽ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ കവിതാവായനയ്ക്കായി ഉപയോഗിക്കാവുന്നതാണ്.

കവിതയിലെ പുതിയ പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ, ആശയം ഗ്രഹിക്കാൻ സഹായകമായി പാഠപുസ്തകത്തിൽ നിർദേശിച്ച ചോദ്യങ്ങളുടെയും കുട്ടികൾ തയാറാക്കിയ ചോദ്യങ്ങളുടെയും ഉത്തരങ്ങൾ, കവിത ആസ്വദിച്ചതിനുശേഷം തയാറാക്കുന്ന ആസ്വാദനക്കുറിപ്പുകൾ, മറ്റ് വ്യവഹാരരൂപങ്ങൾ എന്നിവയും 'എന്റെ ഭാഷാപുസ്തക'ത്തിൽ രേഖപ്പെടുത്തണം.

## ■ ആശയഗ്രഹണ വായനയിലേക്ക്


കവിതയിലെ ആശയം ഗ്രഹിക്കാൻ, കവിതയെ ആഴത്തിൽ അറിയാൻ വീണ്ടും വീണ്ടും കവിതയിലൂടെ കടന്നുപോകാനുള്ള അവസരം ഒരുക്കണം. വ്യത്യസ്ത ആവശ്യങ്ങൾക്കായി വായിക്കാനുള്ള സന്ദർഭമാണ് ഇതിനായി ഒരുക്കിയെടുക്കേണ്ടത്. ചില പ്രവർത്തനങ്ങൾ ചുവടെ.

**കണ്ടെത്താം പറയാം**

പാഠഭാഗത്ത് നൽകിയിട്ടുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ കണ്ടെത്തുന്നതിനായി കവിത വീണ്ടും വായിക്കുകയും ഉത്തരങ്ങൾ കണ്ടെത്തി എഴുതുന്നതിന് അവസരം നൽകുകയും വേണം. പങ്കുവയ്ക്കലുകളിലൂടെ ഉത്തരങ്ങൾ കൃത്യതപ്പെടുത്താം.

**കണ്ണന്റെ കുസൃതികൾ**

ടി.ബി. പേജ് 10 ലെ ചിത്രം നിരീക്ഷിച്ച് കുട്ടികൾക്ക് പറയാനുള്ള അവസരം നൽകുന്നു. ഈ കവിതയുടെ ആദ്യഭാഗം വായിക്കാനോ, നല്ല ഈണത്തിൽ ചൊല്ലിയത് കേൾക്കാനോ ഉള്ള അവസരം നൽകുന്നു. പ്രസ്തുത ഭാഗത്ത് കണ്ണന്റെ കുസൃതികൾ



എന്തൊക്കെയെന്ന് കവി വ്യക്തമായി പറയുന്നുണ്ട്. കണ്ണന്റെ കുസൃതികൾ എഴുതാൻ കുട്ടികൾക്ക് വ്യക്തിഗതമായി അവസരം നൽകണം. ഗ്രൂപ്പുകളായി തിരിഞ്ഞ് വായിച്ച് വിലയിരുത്തി മെച്ചപ്പെടുത്തണം. പൊതുഅവതരണത്തിനുശേഷം അധ്യാപികയുടെ സഹായത്തോടെ ആവശ്യമായ തിരുത്തലുകൾ വരുത്തി എന്റെ ഭാഷാപുസ്തകത്തിൽ കുറിക്കണം.


കവിതയുടെ ആദ്യഭാഗം കുട്ടികൾ അവരുടെ ഭാഷാപുസ്തകത്തിൽ എഴുതിച്ചേർക്കണം.

കണ്ടോ കണ്ണനെ നിങ്ങളാരാൻ? അമ്മ
കമ്പു കരത്തിലെടുക്കുന്നൂ
'കണ്ടില്ലാ ഞങ്ങൾ' കാലിക്കിടാവുക
ളെന്തോ മണ്ടിയൊളിക്കുന്നൂ
'ഇന്നേ നാളിൽ ഞാൻ കണ്ടില്ലാ,' മിഴി
ചിമ്മും തത്തമ്മ കൊഞ്ചുന്നൂ
കണ്ടോ കണ്ണനെ? കണ്ണും ചുവന്നമ്മ
കമ്പുംകൊണ്ടതാ പോകുന്നു
പാഴിലടുക്കളമൂലയ്ക്കൽ പുതു
പാലുമറിഞ്ഞു പരക്കുന്നൂ!
മേലിലുറിയിലെ തൂവെണ്ണക്കല

മേഴായ്പൊട്ടിക്കിടക്കുന്നൂ!
ഭരണിയിൽ നെയ്യപ്പമല്ലാ ചാണക
വരളികളയ്യൊറു കാണുന്നൂ!
കെട്ടിയിരുന്ന കിടാവോ മുറ്റത്തു
കുത്തിമറിഞ്ഞു കൂത്താടുന്നൂ!
അയലത്തെയക്കൊച്ചു രാധിക കണ്ണീരു
മൊഴുക്കി വന്നിങ്ങനെ ചൊല്ലുന്നൂ
"അമ്മേ, ഞങ്ങൾക്കു വയ്യല്ലോ! നിന്റെ
കണ്ണനെന്തൊരു ദുശ്ശീലം!"...
"എവിടെയക്കള്ളൻ?" വിറച്ചുംകൊണ്ടമ്മ
പുരവീഥിതോറും തിരക്കുന്നു
'അറിയില്ല ഞങ്ങളെ'ന്നാമ്പാടിപ്പിള്ളേർ
ചിരിയടക്കിക്കൊണ്ടു മാറുന്നൂ
'അറിയില്ല കണ്ണനെങ്ങാമോ?' കാലികൾ
കുടമണിയാട്ടി നടക്കുന്നൂ.

## ചിത്രത്തിൽ ആരെല്ലാം

ടി.ബി. പേജ് 11 ലെ ചിത്രത്തിലേക്ക് കുട്ടികളുടെ ശ്രദ്ധ ക്ഷണിക്കണം. കവിതയിലെ ചിലരെല്ലാം ചിത്രത്തിലുണ്ട്. കവിത വായിച്ചു നോക്കി ചിത്രത്തിലുള്ളവരെ കണ്ടെത്തണം. അവരുടെ പേരുകൾ എഴുതുകയുമാവാം. പ്രകൃതിയും സംഗീതവുമായുള്ള ബന്ധം ചിത്രവായനയിലൂടെ ബോധ്യപ്പെടാൻ ഉതകുന്ന തരത്തിൽ പ്രവർത്തനങ്ങൾ ഒരുക്കണം.



- വണ്ടിന്റെ മൂളൽ
- മയിലിന്റെ നൃത്തം
- ശലഭങ്ങളുടെ ചിറകടി
- തത്തയുടെ കൊഞ്ചൽ
- 
- 

കണ്ണന്റെ പ്രിയപ്പെട്ട കൂട്ടുകാരത്രയും പ്രകൃതിയിലെ ജീവികളോ സസ്യജാലങ്ങളോ ആണ്. അവരാണെങ്കിൽ കണ്ണനെയും അത്രയ്ക്കിഷ്ടപ്പെടുന്നു എന്നാണ് കവിത നൽകുന്ന സന്ദേശം. കണ്ണൻ എവിടെ ഒളിച്ചു എന്നറിയാമായിരുന്നിട്ടും ഇവരാരും അമ്മയ്ക്ക് പറഞ്ഞുകൊടുക്കുന്നില്ല. കവിതാവായനയിലേക്ക് വീണ്ടും കുട്ടികളെ നയിക്കാൻ ഈ പ്രവർത്തനം കൊണ്ട് സാധ്യമാകണം.

## ഊഹിച്ചെഴുതാം

കണ്ണൻ അമ്മയെ ഒളിച്ചു നടക്കുന്നതിനുള്ള കാരണം കുട്ടികൾ ഊഹിച്ചെഴുതട്ടെ. ഓരോരുത്തരും എഴുതിയത് പങ്കുവയ്ക്കാൻ അവസരമൊരുക്കുമല്ലോ. കണ്ണന്റെ കുസൃതികൾ എന്ന പ്രവർത്തനഭാഗത്ത് കവിതയുടെ ആദ്യഭാഗം പരിചയപ്പെട്ടല്ലോ. അതിലെ ഏതെങ്കിലും കുസൃതി അമ്മയെ കൂടുതൽ വിഷമിപ്പിച്ചിട്ടുണ്ടോ? ഓരോ കുട്ടിയും വ്യത്യസ്ത തരത്തിലാണ് ചിന്തിക്കുക.

- ഭരണിയിലെ നെയ്യപ്പമെടുത്തിട്ട് പകരം ചാണകമുരുട്ടി വച്ചത്
- ഉറിയിലെ വെണ്ണക്കലം പൊട്ടിച്ചത്
- കെട്ടിയിരുന്ന പശുക്കിടാവിന്റെ കയറ് അഴിച്ചുവിട്ടത്.
- പാൽപ്പാത്രം തട്ടിമറിച്ചത്
- രാധികയോട് കുറുമ്പ് കാണിച്ചത്
- 

ഉത്തരങ്ങൾ പരസ്പരം പങ്കുവയ്ക്കാനും ചർച്ചയിലൂടെ യുക്തി കണ്ടെത്താനും അവസരം നൽകണം.

## വിശകലനാത്മക ചോദ്യങ്ങളിലേക്ക്

പാഠത്തിലെ ആശയം ഉൾക്കൊണ്ട് കുട്ടികൾക്ക് പാഠഭാഗം വിശകലനം ചെയ്യാനുള്ള കഴിവുണ്ടാകണം. ഇതിനു സഹായകമായ ചോദ്യങ്ങൾ കുട്ടികളുടെ മുമ്പാകെ അവതരിപ്പിക്കുക. കുട്ടികൾക്ക് വ്യക്തിഗതമായി ചോദ്യങ്ങളോട് പ്രതികരിക്കാൻ അവസരം നൽകാം.

ചിലചോദ്യങ്ങൾ

- കണ്ണനെത്തേടിയുള്ള അമ്മയുടെ വരവ് എങ്ങനെയായിരുന്നു.
- എന്തുകൊണ്ടാകാം അമ്മയോടെല്ലാവരും കള്ളം പറഞ്ഞത്.
- അമ്മയ്ക്ക് കണ്ണനോട് വാത്സല്യമുണ്ട് എന്ന് എങ്ങനെ മനസ്സിലാക്കാം.
- അമ്മയോട് കണ്ണന് സ്നേഹമുണ്ടോ? അമ്മയോടുള്ള കണ്ണന്റെ സ്നേഹം പ്രകടമാകുന്ന സന്ദർഭം കണ്ടെത്തൂ.

കവിത വീണ്ടും വായിക്കാനുള്ള അവസരമാണ് ഈ പ്രവർത്തനത്തിലൂടെ ലഭിക്കുന്നത്.

## വരികൾ കണ്ടെത്തുക

പാഠഭാഗത്തിലെ ചില ആശയങ്ങൾ/സന്ദർഭങ്ങൾ അവതരിപ്പിച്ചുകൊണ്ട് നിശ്ചിത ആശയം വരുന്ന വരികൾ കണ്ടെത്തി അവതരിപ്പിക്കാൻ. ടി.ബി. പേജ് 12 ലെ സന്ദർഭങ്ങളും കൂടുതൽ കണ്ടെത്തിയതും ഇതിനായി പ്രയോജനപ്പെടുത്തുമല്ലോ. ഇതേപോലുള്ള പുതിയ ചോദ്യങ്ങൾ നിർമ്മിക്കാൻ കുട്ടികൾക്ക് അവസരം നൽകണം. അല്ലെങ്കിൽ ഇതേ ആശയം വരുന്ന മറ്റ് ചോദ്യരൂപങ്ങൾ നിർമ്മിക്കുകയും ആവാം. ഉദാഹരണം : 'ഏത് ദേഷ്യത്തെയും അലിയിക്കാൻ സംഗീതത്തിന് സാധിക്കുന്നു' എന്ന് സൂചിപ്പിക്കുന്ന വരികൾ.

## ഇഷ്ടപ്പെട്ട വരികൾ

കവിതയിലൂടെ പലതവണ കടന്നുപോയി വിശകലനം ചെയ്ത കുട്ടിയുടെ മനസ്സിൽ ചില വരികൾ സ്വാധീനം ചെലുത്തിയിട്ടുണ്ടാവാം അത്തരം വരികൾ ഓരോരുത്തരും പൊതുവായി അവതരിപ്പിക്കട്ടെ. തങ്ങൾക്കിഷ്ടപ്പെട്ട വരികൾ ഇഷ്ടപ്പെടാനുണ്ടായ സാഹചര്യംകൂടി കണ്ടെത്തി ഒരു കുറിപ്പ് തയാറാക്കാൻ അവസരം നൽകണം. കുറിപ്പുകൾ കൈമാറി വായിക്കാം.

ടീച്ചറിന് ഇഷ്ടപ്പെട്ട വരികളും ഇഷ്ടപ്പെടാനുണ്ടായ കാരണങ്ങളുംകൂടി അവതരിപ്പിക്കുമല്ലോ. ടീച്ചർ എഴുതിയത് പൊതുവായി എഴുതി പ്രദർശിപ്പിക്കണം.

വരികൾ ഇഷ്ടപ്പെടാനുള്ള കാരണം വിശദീകരിക്കുന്നതിലൂടെ കവിതയുടെ ആസ്വാദനതലം ഉയരുന്നു. ആസ്വാദനക്കുറിപ്പ് മെച്ചപ്പെടുത്തി എന്റെ ഭാഷാപുസ്തകത്തിൽ എഴുതുക.

## താളത്തിൽ ചൊല്ലാം

'കണ്ണന്റെ അമ്മ' എന്ന കവിത പലഘട്ടങ്ങളിലായി കുട്ടികൾ കേൾക്കുകയും പാടുകയും ചെയ്തിട്ടുണ്ടാവും. ആശയം വ്യക്തമായി ഗ്രഹിച്ചശേഷം നടക്കുന്ന ഉയർന്ന പ്രവർത്തനമാണ് ഉചിതമായ താളത്തിൽ ചൊല്ലൽ.

സ്വാഭാവികമായ ആവർത്തനത്തിലൂടെ കവിത ഹൃദിസ്ഥമാവാനുള്ള ഒരു പ്രവർത്തനം കൂടിയാണിത്. സംഗീതപരമായ ബുദ്ധിയുപയോഗിക്കാൻ കുട്ടികൾക്ക് ഈ പ്രവർത്തനത്തിലൂടെ സാധിക്കണം. അതുകൊണ്ടുതന്നെ താളം പിടിക്കാനുള്ള നിരവധി സന്ദർഭങ്ങൾ ക്ലാസ്മുറിയിൽ ഒരുക്കണം. മണൽനിറച്ച പ്ലാസ്റ്റിക് കുപ്പികൾ, കടുക് നിറച്ച ബലൂണുകൾ, സോഡാമൂടി, ഒരേ അളവിൽ മുറിച്ചെടുത്ത കമ്പുകൾ, ചിരട്ടകൾ, വ്യത്യസ്ത അളവിൽ വെള്ളം നിറച്ച ഗ്ലാസുകൾ തുടങ്ങി വിവിധങ്ങളായ സംവിധാനങ്ങൾ ഒരുക്കാവുന്നതാണ്.

തുടർന്ന് കുട്ടികൾ വ്യത്യസ്തമായ താളത്തിൽ ഈ കവിത ഗ്രൂപ്പുകളായി അവതരിപ്പിക്കട്ടെ. മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തട്ടെ.

വ്യത്യസ്ത താളങ്ങൾ കണ്ടെത്താൻ കഴിവുള്ള മുതിർന്ന കുട്ടികളുടെയോ സംഗീതമറിയുന്നവരുടെയോ സഹായം തേടാവുന്നതാണ്. ഏതെങ്കിലും വാദ്യോപകരണങ്ങളുടെ സഹായത്തോടെ ഈ കവിത അവതരിപ്പിക്കാമെങ്കിൽ ആ സാധ്യതയും പ്രയോജനപ്പെടുത്തേണ്ടതാണ്.

## ■ ഭാവങ്ങൾ എന്തെല്ലാം

നിരവധി അഭിനയ മുഹൂർത്തങ്ങളുള്ള ഒരു കവിതയാണിത്.

കണ്ണും ചുവന്ന് മകനെ തേടിയിറങ്ങിയ അമ്മ ഒടുവിൽ കണ്ണുംപൂട്ടി നിന്ന് മകന്റെ ഓടക്കുഴൽ കേൾക്കുന്നു എന്നത് എത്ര ഭാവമധുരമായ അനുഭവമാണ്.

- മിണ്ടാതെ നിൽക്കുന്ന മലർച്ചെണ്ടുകൾ
- തുള്ളുന്ന കാളിന്ദിയോളങ്ങൾ
- കഴലുകഴച്ചു വലഞ്ഞ അമ്മ
- കണ്ടിട്ടേയില്ല എന്നു കണ്ണും നീട്ടി തിരിയുന്ന പേടമാൻ
- കമ്പുകരം വിട്ട് വീഴുന്നു
- 

തുടങ്ങിയ പാഠങ്ങളിലെ സന്ദർഭങ്ങൾ ക്ലാസ്മുറിയിൽ അഭിനയച്ച് അവതരിപ്പിക്കുന്നതിന് കുട്ടികൾക്ക് അവസരം നൽകണം. തുടർന്ന് കൂടുതൽ ഭാവസന്ദർഭങ്ങൾ പറയാനും അഭിനയിക്കാനും അവസരം നൽകണം.

## ■ ചൊല്ലിരസിക്കാം

കണ്ണന്റെ കുസൃതികളുമായി ബന്ധപ്പെട്ട രണ്ട് കവിതാശകലങ്ങളാണ് പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവ ഈണത്തിൽ പാടി അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകണം.

*ഉണ്ണിക്കൈ തന്നിൽ നീ വെണ്ണവച്ചീടിനാൽ*
*വെണ്ണതാൻ കൊണ്ടുപോന്നമ്മയപ്പോൾ*
*വെണ്ണയെക്കണ്ടൊരു കണ്ണന്താനന്നേരം*
*വെണ്ണിലാവഞ്ചിച്ചിരിച്ചു ചൊന്നാൻ*

*ഒറ്റക്കൈതന്നിൽ നീ വെണ്ണവച്ചീടിനാൽ*
*മറ്റേക്കൈ കണ്ടിട്ടുകേഴുമല്ലോ*
*മൂത്തവൻ കൈയിൽ നീ വെണ്ണവച്ചീടുമ്പോൾ*
*ആർത്തനായ് നിന്നു ഞാൻ കേഴും പോലെ*

*ഇങ്ങനെകേട്ടവൾ വെണ്ണയ്ക്കുപിന്നെയും*
*അങ്ങുതിരിഞ്ഞു നടന്നനേരം*

കൈയിലെ വെണ്ണയെപ്പയ്യവേ വായിലി
'ട്ടയ്യോ'യെന്നിങ്ങനെ ചൊല്ലി, നിന്നാൻഃ

"കള്ളനായുള്ളൊരു കാകൻ താൻ വന്നിട്ടെൻ
കൈയിലേ വെണ്ണയെക്കൊണ്ടുപോയി"
എന്നതു കേട്ടവളേറ്റം ചിരിച്ചു നൽ-
വെണ്ണയും കൊണ്ടിങ്ങുവന്നു പിന്നെ.

**- കൃഷ്ണഗാഥ**

അമ്പാടി തന്നിലൊരുണ്ണിക്കിടാവായി
അൻപോടു കണ്ണൻ വസിക്കും കാലം
അന്നൊരുനാളുണ്ണിക്കണ്ണൻ പതുക്കവേ
അമ്മ മടിയിൽ ചെന്നേവം ചൊന്നാൻ
അമ്മേയെനിക്കിപ്പോളമ്മിഞ്ഞ നൽകണം
അല്ലെങ്കിലുണ്ണാനണയുകില്ല.

അന്തിയായാലുണ്ണീയമ്മിഞ്ഞ നൽകിടാം
എൻമകനേ പോയ് കളിച്ചു കൊൾക
അന്തിയായാലമ്മേയെന്തൊരടയാളം
അന്തിയായാലുണ്ണീ കൂരിരുട്ട്
അന്നേരം കണ്ണുകൾ ചിമ്മി മുകുന്ദനും
അമ്മേയിരുട്ടായി കണ്ടു കൂടാ....
കള്ളനെന്നിങ്ങനെ ചൊല്ലി യശോദയും
കണ്ണനുണ്ണിയ്ക്കു മുല കൊടുത്തു
താലോലമേ പൈതൽ താലോലമേ പൈതൽ
താലോലമേ പൈതൽ താലോലം

- കൃഷ്ണഗാഥ

## ■ മാറ്റിച്ചൊല്ലാം

നിഘണ്ടു തയാറാക്കിയ കുട്ടികൾക്ക് അത് പ്രയോഗിക്കാനുള്ള ഒരവസരമാണ് ഇവിടെ ഒരുക്കുന്നത്. കണ്ടെത്തിയ പകരം പദം ഉപയോഗിച്ച് കവിതയുടെ താളം നഷ്ടപ്പെടാതെ ചൊല്ലാൻ കഴിയുമോ? ടി.ബി. യിൽ കൊടുത്തിട്ടുള്ള വരികളിൽ കുട്ടികൾ പ്രയോഗിച്ചു നോക്കട്ടെ. താളത്തിനനുസരിച്ച് കണ്ടെത്തിയ പകരം പദത്തിൽ മാറ്റം ആവശ്യമുണ്ടെങ്കിൽ നിർദേശിക്കാം. പുതിയ പദങ്ങൾ പ്രയോഗിച്ച് ഈണത്തിൽ കവിത ചൊല്ലാൻ ഏതാനും പേർക്ക് അവസരം നൽകാം. ടീച്ചർ ഇതുപോലെ കൂടുതൽ വരികൾ നൽകുമല്ലോ.

## എന്റെ പദശേഖരം

കുട്ടികൾക്ക് പരിചയമില്ലാത്ത പദങ്ങൾ കവിതയിലുണ്ടാകും, ഇത് അവർ സ്വയം കണ്ടെത്തുന്നു. തുടർന്ന് ചാർട്ടിൽ ക്രോഡീകരണവുമാവാം. ചിലപദങ്ങൾ കുട്ടികൾ വിട്ടുപോയിട്ടുണ്ടെങ്കിൽ ആ വാക്കിലേക്ക് കുട്ടികളുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അധ്യാപിക കൂട്ടിച്ചേർക്കും.

ഈ വാക്ക് അവിടെ പ്രയോഗിച്ചിരിക്കുന്നത് എന്തിനാകാം? ഇതിന്റെ അർഥം എന്താകാം? തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിക്കാം. പ്രയോഗസന്ദർഭവുമായി ബന്ധപ്പെട്ട് പദങ്ങളുടെ അർഥം കണ്ടെത്തട്ടെ. ഇത് 'എന്റെ പദശേഖരത്തി'ലേക്ക് മാറ്റാം.

പദങ്ങൾ ഭാഷയുടെ കരുത്താണ്. അവയുടെ ഉചിതമായ പ്രയോഗങ്ങളാണ് വ്യവരാഹരൂപങ്ങളുടെ സൗന്ദര്യം വർധിപ്പിക്കുന്നത്. വൈവിധ്യമുള്ള പദങ്ങൾ പ്രയോഗിക്കണമെങ്കിൽ നല്ല പദസമ്പത്ത് വേണം. സന്ദർഭാനുസരണം അത് ഉപയോഗിക്കാനും കഴിയണം. ഒറ്റപ്പെട്ടു നിൽക്കുമ്പോഴല്ല, മറിച്ച് സന്ദർഭങ്ങളിൽ പ്രയോഗിക്കുമ്പോഴാണ് പദങ്ങളുടെ പ്രസക്തി ബോധ്യമാവുക. സർഗാത്മകരചനകൾ മികച്ചതാവണമെങ്കിൽ രചയിതാവിന്റെ പദാവലികളും സമ്പുഷ്ടമാവണം. സ്വാഭാവികമായ തനതു ശൈലി രൂപപ്പെടുത്താൻ അത് സഹായകവുമാണ്. അതുകൊണ്ടു തന്നെ ഓരോരുത്തർക്കും സ്വന്തമായ പദശേഖരം അത്യാവശ്യമാണ്. അർഥമറിഞ്ഞ് ശേഖരിച്ച പദങ്ങൾ ക്രമീകരിച്ച് രേഖപ്പെടുത്തുന്ന ഒരു പുസ്തകമാണ് 'എന്റെ പദശേഖരം'. സ്വാഭാവികമായ ആവർത്തനം പുതിയ പഠനാനുഭവങ്ങളാണ് പഠിതാവിന് നൽകുന്നത്. കേവലമായ പദശേഖരണമല്ല, മറിച്ച് ദൈനംദിന ഭാഷാപ്രവർത്തനങ്ങളാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. ഭാഷാപഠന സഹായി എന്ന നിലയിൽ ഇതു വളരേണ്ടതുണ്ട്. കുട്ടിയുടെ ഭാഷാപ്രവർത്തനങ്ങളുടെ മികച്ച തെളിവുകളിലൊന്നായി ഈ പുസ്തകം രൂപാന്തരപ്പെടണം. സ്വയം വിലയിരുത്താനും പരസ്പര വിലയിരുത്തലിലൂടെ മെച്ചപ്പെടുത്താനും കുട്ടികൾക്ക് അവസരം നൽകണം.

## മാറ്റി എഴുതാം, ഒറ്റപ്പദമാക്കാം

കവിതാസ്വാദനം മികവുറ്റതാക്കാനുള്ള ഒരു സാധ്യത തുറന്നിടുകയാണ് ഈ പ്രവർത്തനത്തിലൂടെ. 'അമ്മ കണ്ണുംപൂട്ടി നിന്നു' എന്ന വാക്യം 'കണ്ണുംപൂട്ടി നിന്നമ്മ' എന്ന് ആക്കിയപ്പോൾ എന്തുമാറ്റമാണ് ഉണ്ടായത്? ആശയങ്ങൾ കവിതയിലേക്ക് ചേർക്കുമ്പോൾ പ്രയോഗങ്ങളിലുണ്ടായ മാറ്റങ്ങൾ ബോധ്യപ്പെടുത്താനാണ് ഇത്തരം പ്രവർത്തനങ്ങൾ ഉപയോഗിക്കേണ്ടത്. കൂടുതൽ ഉദാഹരണങ്ങൾ നൽകുമല്ലോ.

## കുട്ടിക്കാലം കുസൃതിക്കാലം

കളികൾക്കിടയിലായിരിക്കും കുസൃതികളും പിണക്കങ്ങളും കൂടുതൽ ഉണ്ടായിട്ടുണ്ടാവുക. അത്തരം അനുഭവം പറയാൻ കുട്ടികൾക്ക് അവസരം നൽകുന്നു. തുടർന്ന് അധ്യാപിക ഇത്തരമൊരു അനുഭവം പങ്കുവയ്ക്കുന്നു. കുട്ടികൾ പങ്കുവച്ച കുസൃതി അനുഭവം വ്യക്തിഗതമായി വിവരിച്ചെഴുതുന്നു. ഈ വിവരണങ്ങൾ 'കുട്ടിക്കാലം കുസൃതിക്കാലം' എന്ന പേരിൽ പതിപ്പാക്കുന്നു. അധ്യാപികയുടെ കുട്ടിക്കാല അനുഭവം ഇതോടൊപ്പം ചേർക്കണം.

## കവിതയിൽ നിന്ന് കഥയിലേക്ക്

കവിതയിലെ ആശയം ഗ്രഹിച്ച കുട്ടികൾക്ക് ഇതിനെ മറ്റൊരു വ്യവഹാര രൂപത്തിലേക്ക് മറ്റാൻ കഴിയും. ഇവിടെ കവിതയെ കഥയാക്കി മാറ്റി എഴുതുന്നതിന് അവസരമൊരുക്കാം. അതിനു മുന്നോടിയായി കഥയാക്കി മാറ്റുമ്പോൾ പരിഗണിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ?

കവിത വീണ്ടും വായിക്കുന്നു
↓
ആശയം രൂപീകരിക്കുന്നു
↓
പ്രധാന സംഭവങ്ങൾ ക്രമീകരിക്കുന്നു
↓
കഥയിലെ കഥാപാത്രങ്ങളെ നിർണയിക്കുന്നു
↓
തുടക്കവും ഒടുക്കുവും കണ്ടെത്തുന്നു
↓

ഇത്രയുമായാൽ കഥാരചന ആരംഭിക്കാമല്ലോ. കുട്ടികൾ വ്യക്തിഗതമായി കഥ രചിക്കുന്നു. ഗ്രൂപ്പിൽ വായിക്കുന്നു. പരസ്പര വിലയിരുത്തലിലൂടെ സ്വയം മെച്ചപ്പെടുത്തുന്നു. മെച്ചപ്പെടുത്താൻ സാധ്യതയുള്ള രചനകളിലൊന്ന് തിരഞ്ഞെടുത്ത് പൊതുവായി അവതരിപ്പിക്കുന്നു.

**വിലയിരുത്തലിന് എന്തെല്ലാം പരിഗണിക്കാം**

- *കഥാവികാസം*
- *തുടക്കം ഒടുക്കം*
- *കഥാപാത്രങ്ങൾ*
- *സംഭവങ്ങളുടെ തുടർച്ച*
- *അനുയോജ്യമായ ഭാഷ*
- *തലക്കെട്ട്*
-

## മെച്ചപ്പെടുത്തൽ

കണ്ണൻ, അമ്മ എന്നിവരുമായ ബന്ധപ്പെട്ട സംഭവങ്ങൾ എഴുതിയിട്ടുണ്ടോ? സംഭവങ്ങൾ ക്രമത്തിലാണോ അവതരിപ്പിച്ചത്? കഥാപാത്രങ്ങൾക്ക് ചേർച്ചയുണ്ടോ? അനുയോജ്യമായ തുടക്കവും ഒടുക്കവും ഉണ്ടോ? കഥയുടെ വികാസം നടന്നിട്ടുണ്ടോ? ഇനിയും കൂട്ടിച്ചേർക്കാവുന്ന കാര്യങ്ങൾ, ഒഴിവാക്കേണ്ട സംഭവങ്ങൾ എന്നിവ ഏതൊക്കെ?

**പദം :** ഉചിതമായ പദങ്ങൾ തന്നെയാണോ ഉപയോഗിച്ചത്? പുതിയ പദങ്ങൾ ചേർക്കുകയോ ആവർത്തിച്ച പദങ്ങൾ ഒഴിവാക്കുകയോ ചെയ്യേണ്ടതുണ്ടോ?

**അക്ഷരങ്ങൾ :** അക്ഷരങ്ങൾ എല്ലാം ശരിയാണോ? ചിഹ്നങ്ങൾ ശരിയായി ഉപയോഗിച്ചിട്ടുണ്ടോ? വിട്ടുപോയത് എന്തൊക്കെ? കൂട്ടിച്ചേർക്കാനുണ്ടോ? ശരിയായ അക്ഷരങ്ങളും ചിഹ്നങ്ങളും ചേർത്ത് എഴുതിയിട്ടുണ്ടോ? ആവശ്യമായ തിരുത്തലുകൾ നടത്താൻ കഴിയുമോ? (കുട്ടികൾക്ക് സ്വയം സാധിക്കുന്നില്ല എങ്കിൽ അധ്യാപിക സഹായിക്കേണ്ടതാണ്)

## ■ ഞാൻ കഥ എഴുതിയപ്പോൾ

| | |
|---|---|
| കവിത കഥയാക്കി എഴുതി. | ☑ |
| കവിതയിലെ എല്ലാ സംഭവങ്ങളും ഉൾപ്പെടുത്തി. | ☐ |
| കണ്ണനെയും അമ്മയെയും കുറിച്ച് നന്നായി എഴുതി | ☐ |
| കഥയുടെ തുടക്കവും ഒടുക്കവും നന്നായി. | ☐ |
| കഥയ്ക്ക് പേരു നൽകി. | ☐ |
| കഥ കൂട്ടുകാർക്ക് ഇഷ്ടപ്പെട്ടു. | ☐ |
| തെറ്റുകൂടാതെ എഴുതി | ☐ |

സ്വയം വിലയിരുത്താനുള്ള ഒരു പ്രവർത്തനമാണിത്. അതിനാവശ്യമായ സൂചകങ്ങൾ നൽകിയിട്ടുണ്ട്. വിലയിരുത്തൽ ഘട്ടത്തിൽ ഇത്തരം സൂചകങ്ങൾ രൂപീകരിക്കാൻ കുട്ടികളെ പ്രാപ്തരാക്കണം. സ്വയം വിലയിരുത്തുന്നതിലൂടെ ആത്മവിശ്വാസം വളർത്താനും ഗുണപരമായ മാറ്റങ്ങൾക്ക് വഴിതുറക്കാനും കഴിയണം. തന്റെ രചനകളിലുണ്ടായ മാറ്റം കുട്ടികൾക്കും തിരിച്ചറിയാൻ കഴിയണമെങ്കിൽ വിലയിരുത്തൽ മാനദണ്ഡങ്ങൾ കൃത്യമാക്കണം.

## ■ കണ്ണനെകുറിച്ചുള്ള കവിതകൾ

ചെറുശ്ശേരിയുടെ കൃഷ്ണഗാഥയെക്കുറിച്ചുള്ള പരാമർശം കുട്ടികൾക്ക് പ്രയോജനപ്രദമായിരിക്കും, ഇതിന് അവസരമൊരുക്കുമല്ലോ.

- ശേഖരണം

മാതൃസ്നേഹം, വാത്സല്യം, കുട്ടികളുടെ കുസൃതികൾ എന്നിവ വിഷയമായ കൂടുതൽ കവിതകളും പാട്ടുകളും ശേഖരിക്കാൻ നിർദേശിക്കുമല്ലോ.

- 
- 

## ■ കലാ കായിക പ്രവൃത്തി പരിചയ സാധ്യതകൾ



ഈ പാഠം നാടകരൂപത്തിൽ ക്ലാസിൽ അവതരിപ്പിച്ചാൽ ചിത്രകല, സംഗീതം, അഭിനയം, പ്രവൃത്തിപരിചയം, കായികപരിചയം തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് അനുഭവങ്ങൾ ഒരുക്കാം.

- കവിതയ്ക്ക് യോജിച്ച ഈണവും താളവും കണ്ടെത്താം, ആലപിക്കാം.
- കഥാപാത്രങ്ങളെ നിശ്ചയിക്കാം.

- വണ്ടുകൾക്കും മാനുകൾക്കും തുമ്പികൾക്കുമായി മുഖം മൂടികൾ (Mask) നിർമിക്കാം.
- പൂവും മൊട്ടും ഇലകളും ചാർട്ട് പേപ്പറിൽ വരച്ച് നിറം നൽകി ദൃശ്യത്തിനുപയോഗിക്കാം.
- കുട്ടികൾ വണ്ടിന്റെയും മാനിന്റെയും മുഖം മൂടി അണിഞ്ഞ് സ്വതസ്സിദ്ധമായ ചലനങ്ങൾ അനുകരിച്ച് സഞ്ചരിക്കുന്നു.
- ഒരു വശത്ത് 2, 3 കുട്ടികൾ പൂവിന്റെ മാസ്ക് വച്ച് ഇലകൾ പിടിച്ച് മരങ്ങൾ കാറ്റിൽ ചലിക്കുന്ന ശൈലിയിൽ നിൽക്കുന്നു.
- മറ്റൊരു വശത്ത് കുട്ടികൾ മാനിന്റെ മുഖംമൂടി അണിഞ്ഞ് പുല്ല് തിന്നുന്നതായി അഭിനയിക്കുന്നു.
- മറ്റു കുട്ടികൾ കൈകൾ വശങ്ങളിലേക്ക് നിവർത്തി ചലിപ്പിച്ച് നദി ഒഴുകുന്ന ചലനം അനുകരിക്കുന്നു.
- അമ്മ കണ്ണനെത്തേടി വിവശയായി പ്രവേശിക്കുന്നു. കണ്ണാ...എന്ന് വിളിച്ച് അന്വേഷിക്കുന്നതായി അഭിനയിക്കുന്നു.
- പിന്നണിയിൽ കുട്ടികൾ കവിത ഈണത്തിൽ ആലപിക്കുന്നു.
- അമ്മ വണ്ടിനോടും മാനിനോടും പൂവിനോടും കണ്ണനെ അന്വേഷിക്കുന്നു. സ്വാഭാവികമായ ചലനത്തോടെ 'കണ്ടില്ല' എന്ന് അഭിനയിക്കുന്നു.
- അമ്മ വിഷമത്തോടെ നിൽക്കുമ്പോൾ, ദൂരെ ഓടക്കുഴലിന്റെ സംഗീതം കേൾക്കുന്നു. സന്തോഷത്തോടെ അമ്മ അവിടേക്കു നോക്കുന്നു. വണ്ടും മാനുകളും പൂക്കളും നദിയും സന്തോഷിക്കുന്നതായി അഭിനയിക്കുന്നു.

അമ്മ കണ്ണനെ കണ്ടെത്തി ആശ്ലേഷിക്കുന്നു.

## ■ ഓടക്കുഴൽ വിളി കേൾക്കാം

ഓടക്കുഴൽ സംഗീതത്തിന് ഐ.സി.ടി സാധ്യതകൾ ഉപയോഗിക്കാം... ഓടക്കുഴൽ എന്ന സംഗീതോപകരണം ക്ലാസ്സിൽ പ്രദർശിപ്പിക്കുമല്ലോ.

## എഡിറ്റിംഗ്

ഭാഷ ഉപയോഗിക്കുമ്പോൾ മൂന്നാം ക്ലാസിലെ കുട്ടികൾ ധാരാളം തെറ്റുകൾ വരുത്താറുണ്ട്. ഇത് പഠനം നടക്കുവെന്നതിന്റെ തെളിവാണ്. ഈ പിശകുകൾ തിരത്തേണ്ടതുണ്ട്. തെറ്റുതിരുത്തലിൽ കുട്ടിയുടെ പക്ഷത്തുനിന്നുള്ള സമീപനമാണ് ആവശ്യം. ഭാഷാ പ്രകടനങ്ങളിൽ ഏർപ്പെടുന്നതിൽനിന്ന് കുട്ടിയെ പിന്നോട്ടു നയിക്കുന്ന രീതിയിലുള്ള തിരുത്തലല്ല നടത്തേണ്ടത്. ഗ്രൂപ്പ് പ്രവർത്തനത്തിന്റെ ഭാഗമായി ഉണ്ടാകുന്ന ഉത്പന്നങ്ങളിൽ വരുന്ന പിശകുകൾ, പോരായ്മകൾ എന്നിവ ക്ലാസിൽ പൊതുവായി അവതരിപ്പിച്ച് കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തി പുതിയ വഴികൾ നിർദേശിക്കുന്നതിന് അവസരമൊരുക്കുകയാണ് എഡിറ്റിംഗിൽ സ്വീകരിക്കേണ്ടത്.

മൂന്നാം ക്ലാസിൽ പ്രധാനമായും ആശയം, വാക്യം, പദം, അക്ഷരം, ചിഹ്നം എന്നിവയിൽ വരുത്തുന്ന പിശകുകളാണ് തിരുത്തേണ്ടത്.

- **ആശയതലം**

നിർദേശിക്കപ്പെട്ട വ്യവഹാരരൂപത്തിൽ എന്തെല്ലാം ആശയങ്ങളാണോ ഉൾച്ചേർന്നു വരേണ്ടത്, അതിൽ എത്രമാത്രം പൂർണത കൈവരിക്കാനുണ്ട് എന്നതിനെ അടിസ്ഥാനമാക്കിയാകണം എഡിറ്റിംഗ് നടത്തേണ്ടത്. ഒരു ഗ്രൂപ്പിൽ രൂപപ്പെട്ടു വരുന്ന ഉത്പന്നത്തിൽ അംഗങ്ങൾ ഓരോരുത്തരും ആശയങ്ങൾ പങ്കുവച്ചിട്ടുണ്ടാവും. ഇതിനുശേഷവും ആശയ പൂർണത കൈവരിക്കാത്ത ഉത്പന്നമാണ് എഡിറ്റിംഗിന് വിധേയമാക്കേണ്ടത്. കുട്ടികളുടെ മുമ്പാകെ ആ ഉത്പന്നം പ്രദർശിപ്പിച്ച് എല്ലാ കുട്ടികളുടെയും പങ്കാളിത്തമുറപ്പാക്കി ആശയരൂപീകരണം നടത്തുന്ന പ്രക്രിയയാണ് ആദ്യം നടത്തേണ്ടത്. മറ്റ് ഗ്രൂപ്പുകളുടെ ഉത്പന്നം, ടീച്ചേഴ്സ് വേർഷൻ എന്നിവയുമായി തട്ടിച്ചു നോക്കുന്നതിലൂടെയും ആശയപരമായ മികവിൽ എത്തുന്നതിന് സാധിക്കും.?

- **ചിഹ്നം**

ഒരു വാക്യം പൂർത്തിയാകുന്നത് എവിടെയാണ്. ആ വാക്യം ഒരു ചോദ്യത്തെയോ അതിശയോക്തി ചേർന്ന പ്രസ്താവനയെയോ പ്രതിനിധീകരിക്കുന്നതാണോ? അങ്ങനെയെങ്കിൽ അവ തിരിച്ചറിയുന്നതിന് എന്തെല്ലാം അടയാളങ്ങളാണ് രേഖപ്പെടുത്തേണ്ടത്, ഇക്കാര്യങ്ങളിൽ കുട്ടികൾ ധാരണ നേടേണ്ടതുണ്ട്. കുട്ടിയുടെ ശ്രദ്ധയിൽ ചിഹ്നങ്ങളുടെ ആവശ്യകത കൊണ്ടുവരുന്നതിനായി ചോദ്യങ്ങൾ ചോദിക്കാം. കുട്ടികൾ കണ്ടെത്തിക്കഴിഞ്ഞാൽ ഗ്രൂപ്പ് ഉത്പന്നത്തിൽത്തന്നെ തിരുത്തൽ വരുത്തണം. ക്ലാസിൽ രൂപപ്പെട്ട മാതൃകാപരമായ രചനകൾ, ടീച്ചർവേർഷൻ എന്നിവ പരിചയപ്പെടുത്തുന്നതിലൂടെ ശരിയായ രൂപം കാണാൻ അവസരം ഒരുക്കാം. പാഠഭാഗം, മറ്റ് വായനാസാമഗ്രികൾ എന്നിവ ഉപയോഗപ്പെടുത്തിയും ചിഹ്നത്തെക്കുറിച്ച് ധാരണ ഉറപ്പിക്കാം.

- **ശൈലി**

ഒരു രചനയിൽ ഉൾപ്പെട്ടുവരുന്ന നാമപദം പല തവണ ആവർത്തിക്കുന്ന രീതിയിലുള്ള രചനകൾ ക്ലാസിൽ ഉണ്ടാവാറുണ്ടല്ലോ. ഒരിക്കൽ ഉപയോഗിച്ച നാമത്തിന് പകരം പിന്നീട് സർവനാമങ്ങൾ ഉപയോഗിക്കുന്നതിലുള്ള ധാരണയില്ലായ്മയാണ് ഇത്തരം പിശകുകൾക്ക് വഴിയൊരുക്കുന്നത്.

"പശു മൈതാനത്ത് നിൽക്കുകയാണ്. പശുവിനൊപ്പം കിടാവുമുണ്ട്" ഇവിടെ പശു എന്നത് വീണ്ടും ഉപയോഗിക്കേണ്ട കാര്യമുണ്ടോ? ഇത് കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തി പകരം പ്രയോഗിക്കാവുന്നത് എന്താണെന്ന് ക്ലാസ്തലത്തിൽ ചർച്ചയ്ക്ക് വിധേയമാക്കണം.

- **വാക്യഘടന ഒരേ രീതിയിൽ**

ഒരു വ്യവഹാര രൂപത്തിൽ കർത്താവ്, കർമ്മം, ക്രിയ ഇവ എല്ലാ വാക്യങ്ങളിലും ഒരേപോലെ കുട്ടികൾ ഉപയോഗിക്കാറുണ്ട്. ഇത് ഉളവാക്കുന്ന വൈരസ്യം കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം. വാക്യഘടനയിൽ വരുത്തുന്ന മാറ്റത്തിലൂടെ ഇത് പരിഹരിക്കുവാൻ കുട്ടികളെ പ്രാപ്തമാക്കണം.

ഉദാ:

സഞ്ചു നല്ല കുട്ടിയാണ്.

സഞ്ചു പഠിക്കുന്നത് മൂന്നിലാണ്.

സഞ്ചു നല്ല കുട്ടിയാണ്.

അവൻ മൂന്നിലാണ് പഠിക്കുന്നത്.

തിരുത്തപ്പെടേണ്ട കാര്യങ്ങളിലേക്ക് കുട്ടിയുടെ ശ്രദ്ധകൊണ്ടു വന്ന് രചനയിൽ വരുത്തേണ്ട മാറ്റം അവർക്ക് തിരിച്ചറിയുന്നതിനുള്ള അവസരം ഒരുക്കണം.

- ബന്ധിപ്പിക്കാവുന്ന വാക്യങ്ങൾ വേർപ്പെടുത്തി എഴുതൽ

ഉദാ :

അച്ഛൻ സമ്മാനം തന്നു.

അമ്മ സമ്മാനം തന്നു.

അച്ഛനും അമ്മയും സമ്മാനം തന്നു.

ഇങ്ങനെ വാക്യങ്ങൾ വേർപെടുത്തിയെഴുതുന്ന രീതി കുട്ടികളുടെ രചനകളിൽ കാണാം. ഇവ ബന്ധിപ്പിച്ച് എഴുതുമ്പോൾ വാക്യത്തിനുണ്ടാകുന്ന ഭംഗി ക്ലാസിൽ നടക്കുന്ന ചർച്ചയിലൂടെ കുട്ടികൾക്ക് അറിയാൻ കഴിയണം.

- **വാക്യഘടന**

പദം വിട്ടുപോകൽ, തെറ്റായ പദക്രമം, അധികപദങ്ങളുടെ ഉപയോഗം എന്നിവയാണ് വാക്യഘടനയിൽ വരുത്തുന്ന തെറ്റുകളിൽ അധികവും. വാക്യഘടനാപരമായ ഏത് പിശകാണോ എഡിറ്റിംഗിന് വിധേയമാക്കുന്ന ഉത്പന്നത്തിൽ കാണാൻ കഴിഞ്ഞത് അത് കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും ശരിയായ ഘടന ക്ലാസിൽ രൂപപ്പെടുകയുമാണ് ചെയ്യേണ്ടത്.

- **പദഘടന**

പദഘടനയിൽ വരുത്തുന്ന തെറ്റുകൾ ലേഖനത്തിൽ പതിവാണല്ലോ. ഇവിടെയും രചനകളിൽ കുട്ടികൾ വരുത്തിയ തെറ്റ് അവരുടെ ശ്രദ്ധയിൽപ്പെടുത്തി ശരിയായ രൂപം കണ്ടെത്തുന്ന രീതിയാണ് സ്വീകരിക്കേണ്ടത്.

- **അക്ഷരം, ചിഹ്നം**

അക്ഷരങ്ങൾ വിട്ടുപോകൽ, മാറി പ്രയോഗിക്കൽ, ചിഹ്നങ്ങൾ ഉപയോഗിക്കാതിരിക്കൽ എന്നിവയാണ് മൂന്നാം ക്ലാസിലെ കുട്ടികൾ വരുത്തുന്ന പ്രധാന പിശകുകൾ. അക്ഷരങ്ങളിൽ വരുത്തുന്ന തെറ്റുകളെയും ചിഹ്നങ്ങളിൽ വരുത്തുന്ന തെറ്റുകളെയും പ്രത്യേകമായി തന്നെ പരിഗണിക്കണം. ശരിയായ ഉച്ചാരണത്തിന്റെ അഭാവമാണ് അക്ഷരപ്പിശകുകൾ ഏറെയുണ്ടാകുന്നതിന് കാരണം. തെറ്റുന്ന അക്ഷരങ്ങൾ ആവർത്തിച്ച് എഴുതിയതുകൊണ്ട് അക്ഷരപ്പിശകുകൾ തിരുത്തപ്പെടുന്നില്ല. ശരിയായ എഴുത്തുരൂപം പരിചയപ്പെടുന്നതിനുള്ള അവസരങ്ങൾ ഒരുക്കുകയാണ് വേണ്ടത്. തെറ്റുന്ന അക്ഷരങ്ങൾക്ക് ഊന്നൽ നൽകുന്ന വ്യവഹാരരൂപങ്ങൾ രൂപീകരിച്ച് കാണാനും എഴുതാനുമുള്ള അവസരമൊരുക്കിയാണ് ഈ പ്രശ്നം പരിഹരിക്കേണ്ടത്. ചിഹ്നത്തിന്റെ കാര്യത്തിലും ഇതേ രീതി തന്നെയാണ് അവലംബിക്കേണ്ടത്.

- **വിന്യാസം**

കുട്ടികൾ എഴുതുന്ന ലേഖനത്തിന്റെ ഒറ്റനോട്ടത്തിലുള്ള ആകർഷണീയത അതിന്റെ വിന്യാസത്തെ ആശ്രയിച്ചിരിക്കും. പദങ്ങൾ തമ്മിലും വാക്യങ്ങൾ തമ്മിലും അകലം പാലിച്ചുള്ള എഴുത്ത്, വരികൾക്കിടയിലെ അകലം, നേരേയുള്ള എഴുത്ത്, എന്നിവയാണ് വിന്യാസവുമായി ബന്ധപ്പെട്ട ഘടകങ്ങൾ. വിന്യാസം സംബന്ധിച്ച് ശരിയായ ധാരണ ലഭിക്കാൻ ടീച്ചർ വേർഷൻ, പാഠപുസ്തകങ്ങൾ, വായനാസാമഗ്രികൾ എന്നിവ ഉൾപ്പെടുന്ന അച്ചടി സമ്പുഷ്ടമായ പരിസരം ക്ലാസിനുള്ളിലുണ്ടാവണം.

# പൂമൊട്ട്

മദർതെരേസയുടെ ജീവിതത്തിൽനിന്നുള്ള ഒരേടാണ് കഥാവിവരണ രൂപത്തിൽ ഇവിടെ അവതരിപ്പിച്ചത്. അഗതികളുടെ അമ്മ എന്ന പേരിൽ ലോകം മുഴുവൻ അറിയപ്പെട്ട ആ മഹതി ഇന്ത്യയിലായിരുന്നു തന്റെ പ്രവർത്തനങ്ങൾ അധികവും നടത്തിയത്, വിശേഷിച്ചും കൽക്കട്ടയിൽ. സമാധാനത്തിനുള്ള നോബൽ സമ്മാനം അവർക്ക് ലഭിച്ചു. ഭാരതരത്നം നൽകി ഇന്ത്യ അവരെ ആദരിച്ചു. ലോകത്തോളം ഉയർന്ന ആ മഹത്വത്തിന് വഴികാട്ടിയായത് അവരുടെ അമ്മയായിരുന്നു. അവർ അവരെ 'നാനാ ലോക്' എന്നായിരുന്നു വിളിച്ചത്. നന്മയുടെ പാഠങ്ങളായിരുന്നു ആ അമ്മ അവരെ പഠിപ്പിച്ചിരുന്നത്. ശിക്ഷയല്ല ശിക്ഷണമാണ് പ്രധാനം എന്നതായിരുന്നു അവരുടെ ജീവിതം നൽകിയ സന്ദേശം. കുട്ടികളെ നേർവഴിക്കു നയിക്കുന്നതിൽ രക്ഷിതാക്കൾക്കുള്ള പങ്ക് വളരെ വലുതാണ്. മദർ തെരേസയുടെ മുഴുവൻ പേര് : ആഗ്നസ് ഗോൺ ഹാബബൊയാക്സു. 1910 ഓഗസ്റ്റ് 27 ന് യൂഗോസ്ലാവിയയിലെ സ്കോപ്ജെയിൽ ജനിച്ചു.

സ്നേഹത്തിന്റെയും ജീവകാരുണ്യത്തിന്റെയും പ്രതിരൂപമായ മദർ തെരേസയുടെ ബാല്യകാലത്തിലെ ചില അനുഭവങ്ങളാണ് പൂമൊട്ട് എന്ന ആഖ്യാനത്തിലുള്ളത്. മറ്റുള്ളവരെ കുറ്റംപറയുന്ന തന്റെ കുട്ടികളെ പ്രവൃത്തിയിലൂടെയും ഉപദേശത്തിലൂടെയും നേർവഴിക്ക് നയിക്കുന്ന അമ്മയുടെ നല്ല വാക്കുകളാണ് ഈ ആഖ്യാനത്തിലെ സന്ദേശം.നന്മയുടെ ലോകത്തേക്ക് കുഞ്ഞുങ്ങളെ സ്നേഹത്തോടെ കൈപിടിച്ചുയർത്തുന്ന മാതൃത്വത്തിന്റെ മഹത്ഭാവം പൂമൊട്ടിലൂടെ അനാവരണം ചെയ്യപ്പെടുന്നു.

## പ്രവേശകം

കുട്ടികളുടെ മുമ്പാകെ ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- നിങ്ങൾ കുസൃതി കാണിക്കാറുണ്ടോ?
- എന്തെല്ലാം കുസൃതികൾ?
- കുസൃതി കാട്ടുമ്പോൾ അമ്മ നിങ്ങളെ വഴക്കു പറയാറുണ്ടോ? /ഉപദേശിക്കാറുണ്ടോ?
- അമ്മ നൽകിയിട്ടുള്ള ഉപദേശങ്ങൾ എന്തെല്ലാം?

ചോദ്യങ്ങളോടു പ്രതികരിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു.

അമ്മയുടെ ഉപദേശങ്ങൾ ജീവിതത്തെ സ്വാധീനിച്ച് ലോകത്തിന് നന്മ ചെയ്ത ഒരാളെ പരിചയപ്പെടാം

- ആരായിരിക്കാം അവർ?
- എന്തായിരിക്കാം അവർ ചെയ്ത നന്മ?

## പാഠ വായനയിലേക്ക്

വായനയിലൂടെ കണ്ടെത്തിയ കാര്യങ്ങൾ അവതരിപ്പിക്കൽ

അവതരണം എങ്ങനെ?

- വായനയ്ക്ക് പ്രേരകമായി നൽകിയ ചോദ്യങ്ങളുടെ പ്രതികരണം ക്ഷണിക്കാം
- ഉള്ളടക്കം ചുരുക്കി അവതരിപ്പിക്കൽ
- പാഠഭാഗത്തെ അടിസ്ഥാനമാക്കി ടീച്ചർ ചോദിക്കുന്ന ചോദ്യങ്ങളോട് പ്രതികരിക്കൽ
- ചോദ്യങ്ങൾ എങ്ങനെയാകാം

1. ഇവർ ആരാണ്
    - ഹോംഗ്സ
    - ആഗ്നസ്
    - ലാസർ
    - ഏജ്
2. ആരും കാണുന്നില്ലെന്നു കരുതി ഒരിക്കലും തെറ്റുചെയ്യരുത്

   ഈ ഓർമ്മപ്പെടുത്തലുള്ള പാഠത്തിലെ സന്ദർഭം?
3. മറ്റുള്ളവരുടെ കുറ്റം പറയുന്നവർ എപ്പോഴും ഇരുട്ടിലാകും

   അമ്മ ഇങ്ങനെ പറയാൻ ഇടയായ സാഹചര്യം?

## പാഠവായന

ചോദ്യങ്ങളുടെ ഉത്തരം പൂർണമായി കണ്ടെത്താൻ എല്ലാവർക്കും കഴിഞ്ഞിട്ടുണ്ടാവില്ല. പാഠം വായിച്ച് ആശയം സ്വായത്തമാക്കാൻ എല്ലാവർക്കും കഴിയണം.ഇതിന് പാഠഭാഗത്തിലൂടെ പലതവണ കടന്നുപോകാൻ അവസരം ഒരുക്കണം.ഒപ്പം പദങ്ങളുടെ ഉച്ചാരണവും വാക്യങ്ങളുടെ രചനാരീതിയും അറിയാൻ കഴിയണം.അതിന് അധ്യാപികയുടെ മാതൃകാവായനയും അനിവാര്യമാണ്.ഇതിനുള്ള ചില പ്രവർത്തനങ്ങൾ തുടർന്നു നൽകാം.

**വായിക്കാം പദം കണ്ടെത്താം**

ടീച്ചർ പാഠഭാഗം വ്യക്തതയോടെ വായിക്കുന്നു. തുടർന്ന് കുട്ടികൾ വ്യക്തിഗതമായി, മൗനമായി വായിക്കട്ടെ. അവർക്ക് പരിചിതമല്ലാത്ത പദങ്ങൾക്ക് അടിയിൽ വരയിടണം.ഓരോരുത്തരും അടിവരയിട്ട പദങ്ങൾ എത്ര?എല്ലാവർക്കും ഒരേ പദങ്ങൾ തന്നെയാണോ? കുട്ടികൾ കണ്ടെത്തിയ പദങ്ങൾ ചാർട്ടിൽ ക്രോഡീകരിക്കൽ.

**പാഠത്തിൽനിന്ന് കണ്ടെത്താം**

ടീച്ചർ പാഠത്തിലെ ചില ആശയങ്ങൾ പറയുന്നു.നിശ്ചിത ആശയം വരുന്ന പാഠഭാഗം കണ്ടെത്തി വായിക്കണം.എല്ലാവർക്കും കണ്ടെത്താൻ അവസരം ഒരുക്കുകയും നിർദേശിക്കുന്നവർ വായിച്ചവതരിപ്പിക്കുകയും ചെയ്യുന്ന രീതി സ്വീകരിക്കാം.അല്ലെങ്കിൽ ഗ്രൂപ്പിൽ കണ്ടെത്താൻ അവസരം നൽകി നിർദേശിക്കുന്ന ഗ്രൂപ്പ് അവതരിപ്പിക്കുന്ന രീതിയിൽ മത്സരമായും നടത്താം.മത്സരം ഇങ്ങനെയാകാം. ആശയം പറയുന്നു, ഗ്രൂപ്പിലുള്ള എല്ലാവരും ചേർന്ന് വായിച്ച് കണ്ടെത്തുന്നു.ക്രമമനുസരിച്ച് പറയാൻ ഗ്രൂപ്പുകൾക്ക് അവസരം നൽകുന്നു കൃത്യമായി കണ്ടെത്താൻ കഴിഞ്ഞ ഗ്രൂപ്പുകൾക്ക് പോയിന്റ് നൽകുന്നു.

ഗ്രൂപ്പിന് അവസരം നൽകുമ്പോൾ എല്ലാവരുടെയും പങ്കാളിത്തം വായനയിലും അവതരണത്തിലും ഉറപ്പുവരുത്താൻ എന്തെല്ലാം ചെയ്യാം?

**വായിക്കാം ബാക്കിവായിക്കൂ**

അധ്യാപിക പാഠത്തിലെ ഒരു നിശ്ചിത ഭാഗം വരെ വായിക്കുന്നു.ബാക്കി ഭാഗം വായിക്കാൻ നിർദേശിക്കാം.

**ചോദ്യങ്ങൾ**

വായിച്ച് ആശയം ഉൾക്കൊണ്ട കുട്ടിക്ക് ചോദ്യങ്ങൾ ഉണ്ടാക്കാൻ കഴിയും.പാഠത്തിൽനിന്ന് പരമാവധി ചോദ്യങ്ങളുണ്ടാക്കാൻ കുട്ടികൾക്ക് അവസരം നൽകണം. ഇത് ഒരു മത്സരമായി നടത്താം.ഓരോചോദ്യത്തിനും ഒരുപോയിന്റ്. കൂടുതൽ ചോദ്യങ്ങൾ ഉണ്ടാക്കുന്നത് ഏതു ഗ്രൂപ്പ്? എല്ലാവരുടെയും പങ്കാളിത്തം ചോദ്യനിർമ്മാണത്തിൽ ഉറപ്പുവരുത്താൻ ഗ്രൂപ്പിൽ അധ്യാപികയുടെ ഇടപെടൽ ഉണ്ടാകണം.ചോദ്യനിർമ്മാണത്തെത്തുടർന്ന് ചോദ്യങ്ങൾ ഗ്രൂപ്പുകളിൽ പരസ്പരം ചോദിച്ച് ചോദ്യോത്തരപ്പയറ്റ് നടത്താം. ഇവിടെയും ഗ്രൂപ്പിന് പോയിന്റ് നൽകുകയും എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുമല്ലോ.

**വായിക്കാം കണ്ടെത്താം**

പാഠഭാഗത്ത് നൽകിയിട്ടുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തട്ടെ.ഉത്തരം അവതരിപ്പിക്കാൻ അവസരം നൽകാം.ഒരാൾ അവതരിപ്പിക്കുമ്പോൾ മറ്റുള്ളവർ അത് ശരിയോ എന്ന് പരിശോധിക്കാം.ശരി ഉത്തരങ്ങൾ ഭാഷാപുസ്തകത്തിലേക്ക്.

**എന്റെ പദശേഖരം**

പാഠപുസ്തകത്തിൽ നൽകിയിട്ടുള്ള പദങ്ങളുടെ അർഥം കുട്ടികൾക്ക് കണ്ടെത്താൻ കഴിയുമോ?

പാഠഭാഗത്തെ സന്ദർഭവുമായി ബന്ധപ്പെട്ട് അർഥം കണ്ടെത്താൻ അവസരം നൽകാം.തുടർന്ന് കുട്ടികൾ കണ്ടെത്തിയ പുതിയ പദങ്ങൾക്ക് അർഥം കണ്ടെത്തി എന്റെ പദശേഖരം തയാറാക്കട്ടെ.

**ആശയം കണ്ടെത്താം**

മറ്റുള്ളവരെ കുറ്റം മാത്രം പറയുന്നവർ എപ്പോഴും ഇരുട്ടിലായിരിക്കും.

ഇതിലെ ആശയം കുട്ടികൾ ഗ്രൂപ്പിൽ ചർച്ചചെയ്ത് കണ്ടെത്താൻ അവസരം നൽകണം.ചർച്ചയിൽ ടീച്ചറിന്റെ ഇടപെടൽ എങ്ങനെയാകണം?

വാക്യത്തിലേക്ക് എല്ലാവരുടെയും ശ്രദ്ധക്ഷണിക്കൽ

- എന്താണ് പറഞ്ഞിരിക്കുന്നതിന്റെ അർഥം?
- എങ്ങനെയുള്ളവരാകാം മറ്റുള്ളവരുടെ കുറ്റം മാത്രം പറയുന്നത്?
- ഇരുട്ടിലായിരിക്കും എന്നതുകൊണ്ട് എന്തായിരിക്കാം ഉദ്ദേശിക്കുന്നത്?


## ■ വാക്കുകളിലെ മഹത്വം

'എന്റെ ജീവിതമാണ് എന്റെ സന്ദേശം' ഇതൊരു മഹദ്വചനമാണ്. മഹദ്വചനങ്ങളുടെ പ്രസക്തി ചർച്ച ചെയ്യുന്നു. ആശയം വ്യക്തിപരമായി പറയുന്നു. പൊതു ചർച്ചയ്ക്കു ശേഷം എഴുതുന്നു. തിരഞ്ഞെടുത്തവ വായിക്കുന്നു. താരതമ്യം ചെയ്ത് മെച്ചപ്പെടുത്തുന്നു. കൂടുതൽ മഹദ്വചനങ്ങൾ ശേഖരിച്ച് 'വാക്കുകളിലെ മഹത്വം' എന്ന പേരിൽ പതിപ്പാക്കുന്നു.

## ■ മദർ തെരേസയുടെ വിളിപ്പേര്

ആഗ്നസിന്റെ വിളിപ്പേര് കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്താം.ഇതുപോലെ പല വിളിപ്പേരുകളും കുട്ടികൾക്കുണ്ടാവില്ലേ?ഓരോരുത്തരുടെയും ഓമനപ്പേരുകൾ പരിചയപ്പെടുത്താൻ അവസരം ഒരുക്കാം.

## ■ പദസൂര്യൻ



പദസൂര്യൻ വികസിപ്പിച്ചതിനുശേഷം പദങ്ങൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമിക്കുന്നു.

നന്മകളെക്കുറിച്ച് ചർച്ച. ഉദാ: കരുണ കാണിച്ച സന്ദർഭം പറയൽ

'എന്തെല്ലാം നന്മകൾ' : ഏതെങ്കിലും ഒരു നന്മയെ അധികരിച്ച് കുറിപ്പ് തയാറാക്കുന്നു.

## ■ നല്ല ഓർമ

പ്രിയപ്പെട്ടവരെക്കുറിച്ചുള്ള ഓർമകൾ കുട്ടികൾ വ്യക്തിഗതമായി പറയുന്നു.

അധ്യാപികയും തന്റെ നല്ല ഓർമകൾ പങ്കുവയ്ക്കുന്നു.

പങ്കുവച്ച ഓർമകൾ എഴുതുന്നു. എഴുതിയവയിൽ ചിലത് വായിക്കുന്നു. സംഘത്തിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തുന്നു. മറ്റുള്ളവരുടെ രചനകളുമായി താരതമ്യം ചെയ്യുന്നു. 'നല്ല ഓർമകൾ' എന്ന പേരിൽ പതിപ്പ് തയാറാക്കുന്നു.

## ■ വർക്ക്ഷീറ്റുകൾ

ഈ യൂണിറ്റിൽ ഉപയോഗിക്കാവുന്ന ഏതാനും ചില വർക്ക്ഷീറ്റുകളുടെ മാതൃകയാണ് ചുവടെ നൽകിയിട്ടുള്ളതു കൂടുതൽ സാധ്യതകൾ കണ്ടെത്തി ക്ലാസിൽ ഉപയോഗപ്പെടുത്തുമല്ലോ. സമാനമായ വർക്ക് ഷീറ്റുകൾ നിർമിക്കാൻ കുട്ടികൾക്ക് അവസരം നൽകിയാലോ?

## അമ്മയോടൊപ്പം

### വർക്ക് ഷീറ്റ് 1

കണ്ണന്റെ അമ്മ എന്ന കവിതയിലെ താഴെപറയുന്ന ആശയങ്ങൾ സൂചിപ്പിക്കുന്ന വരികൾ കണ്ടെത്തി എഴുതുക.

| | |
|---|---|
| അമ്മയുടെ വിഷമം ഇല്ലാതായി | |
| അമ്മയുടെ ചോദ്യത്തിന് മാനിന്റെ മറുപടി | |
| അമ്മയ്ക്ക് ദേഷ്യം വന്നു | |
| കണ്ണനെ അന്വേഷിച്ച് അമ്മ വിഷമത്തിലായി തിരികെപ്പോവാൻ തുടങ്ങി. | |

## അമ്മയോടൊപ്പം

## വർക്ക് ഷീറ്റ് 2

താഴെ പറയുന്ന കവിതാശകലം വായിച്ച് 'കണ്ണന്റെ അമ്മ' എന്ന കവിതയുമായി താരതമ്യം ചെയ്ത് കുറിപ്പെഴുതുക.

അമ്മേയെനിക്കിപ്പോളമ്മിഞ്ഞ നൽകണം
അല്ലെങ്കിലുണ്ണാനണയുകില്ല:
അന്തിയായാലുണ്ണീയമ്മിഞ്ഞ നൽകിടാം
അമ്മേയെനിക്കിപ്പോളമ്മിഞ്ഞനൽകണം
അല്ലെങ്കിലുണ്ണാനണയുകില്ല.
അന്തിയായാലുണ്ണീയമ്മിഞ്ഞ നൽകിടാം
എൻമകനേ പോയ് കളിച്ചു കൊൾക
അന്തിയായാലമ്മേയെന്തൊരടയാളം
അന്തിയായാലുണ്ണീ കൂരിരുട്ട്
അന്നേരം കണ്ണുകൾ ചിമ്മി മുകുന്ദനും
അമ്മേയിരുട്ടായി കണ്ടു കൂടാ....

---------------------------------------------
---------------------------------------------
---------------------------------------------
---------------------------------------------
---------------------------------------------
---------------------------------------------
---------------------------------------------
---------------------------------------------
---------------------------------------------
---------------------------------------------

## അമ്മയോടൊപ്പം

## വർക്ക് ഷീറ്റ് 3

പ്രകൃതിയിലെ ജീവജാലങ്ങൾക്ക് കണ്ണനോട് വലിയ ഇഷ്ടമാണ്. ഈ പ്രസ്താവ ശരിയാണോ? കണ്ണന്റെ അമ്മ എന്ന കവിത വായിച്ച് വിശദീകരിക്കുക.

- പ്രസ്താവന ശരിയാണോ?

- കാരണമായി ചൂണ്ടിക്കാണിക്കുന്ന വരികൾ ഏവ?

- കണ്ടെത്തിയ വരികളിലെ ആശയം വിശദമാക്കുക.

**അമ്മയോടൊപ്പം** **വർക്ക് ഷീറ്റ് 4**

**മദർ തേരേസയുടെ ജീവിചരിത്രക്കുറിപ്പ് എഴുതുക.**



- ജനനം – 1910 ഓഗസ്റ്റ് 27
- സ്ഥലം യൂഗോസ്ളാവിയയിലെ സ്കോപ്ജെ
- പൂർണമായ പേര് – ആഗ്നസ് ഗോൺ ഹാബൊ യാക്സു
- അഗതികളുടെ അമ്മ എന്ന വിളിപ്പേര്
- ഇന്ത്യയായിരുന്നു പ്രവർത്തനമേഖല (കൽക്കട്ട)
- സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു.
- ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ലോകത്തിന് മാതൃകയായി
- ഭാരത രത്നം ലഭിച്ചു.
-

മുകളിലെ വിവരങ്ങൾക്കൊപ്പം ക്ലാസ്സിൽ ചർച്ചചെയ്ത കാര്യങ്ങളും ജീവചരിത്രക്കുറിപ്പിൽ ഉൾപ്പെടുത്തുമല്ലോ

---------------------------------------
---------------------------------------
---------------------------------------
---------------------------------------
---------------------------------------
---------------------------------------
---------------------------------------
---------------------------------------
---------------------------------------